**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കാസറഗോഡ് ജില്ലയിലെ എരുമക്കയം ചെക്ക് ഡാമിന് മെക്കാനിക്കൽ ഷട്ടർ ഘടിപ്പിക്കുന്നതിനുള്ള പ്രവൃത്തി - ഡിപ്പോസിറ്റ് പ്രവൃത്തിയായി നടപ്പാക്കുന്നത് - അനുമതി നല്കി ഉത്തരവാകുന്നത് സംബന്ധിച്ച്.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം. 1029/19 / തസ്വഭവ　　　　തിരുവനന്തപുരം, തീയതി, 23.05.2019.

പരാമർശം - 1. കാസറഗോഡ് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 28/11/2018 ലെ പ്രൊപ്പോസൽ നം. ഡി1/2450/2018

2. കാസറഗോഡ് ജില്ലാ പഞ്ചായത്തിന്റെ 19/02/2018 ൽ നടന്ന സാധാരണ മീറ്റിംഗിലെ തീരുമാനം നം-13 (1)/18

3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ17/01/2019 **തീയതിയിൽ കൂടിയ യോഗത്തിന്റെ 4 .22 നമ്പർ തീരുമാനം**

**ഉത്തരവ്**

കാസറഗോഡ് ജില്ലയിലെ എരുമക്കയം ചെക്ക് ഡാമിന് മെക്കാനിക്കൽ ഷട്ടർ ഘടിപ്പിക്കുന്നതിനുള്ള പ്രവൃത്തിയായ പ്രോജക്ട് നം. 57/18-19 ന് ഒരു കോടി രൂപ നീക്കി വച്ചിട്ടുണ്ടെന്നും ടി പ്രവൃത്തി പൂർണ്ണമായും ഇറിഗേഷൻ വകുപ്പ് മെക്കാനിക്കൽ വിങ്ങ് മുഖാന്തിരം ചെയ്യുന്നതിനാണ് പരാമർശം(2) പ്രകാരം ജില്ലാ പഞ്ചായത്ത് തീരുമാനിച്ചിട്ടുള്ളതെന്നും നിലവിലുള്ള ആസൂത്രണ മാനദണ്ഡ പ്രകാരം ഡിപ്പോസിറ്റ് പ്രവൃത്തിയായി ഏല്പിക്കാൻ കഴിയുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റിൽ ഇറിഗേഷൻ വകുപ്പ് മെക്കാനിക്കൽ വിങ്ങ് ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ഇറിഗേഷൻ വകുപ്പ് മെക്കാനിക്കൽ വിങ്ങ് മുഖാന്തിരം ഡപ്പോസിറ്റ് വർക്കായി ചെയ്യുന്നതിന് അനുമതി നല്കുവാൻ പരാമർശം(1) ലൂടെ കാസറഗോഡ് ജില്ലാ പഞ്ചായത്ത് സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി .

സർക്കാർ മേൽ വിഷയം പരാമർശം (3) പ്രകാരം വിശദമായി പരിശോധിച്ചു. കാസറഗോഡ് ജില്ലയിലെ എരുമക്കയം ചെക്ക് ഡാമിന് മെക്കാനിക്കൽ ഷട്ടർ ഘടിപ്പിക്കുന്നതിനുള്ള പ്രവൃത്തി തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിന് നടപ്പാക്കാൻ കഴിയാത്ത സാഹചര്യത്തിൽ മൈനർ ഇറിഗേഷൻ വകുപ്പ് മെക്കാനിക്കൽ വിങ്ങ് മുഖാന്തിരം ഡപ്പോസിറ്റ് വർക്കായി ചെയ്യുന്നതിന് കാസറഗോഡ് ജില്ലാ പഞ്ചായത്തിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ , തിരുവനന്തപുരം
സെക്രട്ടറി/പ്രസിഡണ്ട്, കാസറഗോഡ് ജില്ലാ പഞ്ചായത്ത്
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (ജി&എസ്.എസ്.എ), കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടിവ് ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം.
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് , തിരുവനന്തപുരം
സെക്രട്ടറി,വെസ്റ്റ് എളേരി ഗ്രാമ പഞ്ചായത്ത് ,കാസറഗോഡ്
തദ്ദേശസ്വയംഭരണ (ഒ . എസ് ) വകുപ്പ് , ഡിബി2/66/2019
തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്ക്